**കേരള സർക്കാർ**

**സംഗ്രഹം** *

തദ്ദേശ സ്വയംഭരണ വകുപ്പ് - ട്രിഡ – 2018 – 19 ലെ സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും സർക്കാർ അനുവദിച്ചിട്ടുള്ള തുക പി.എസ്.റ്റി.എസ്.ബി അക്കൗണ്ടിൽ വരവ് വെയ്ക്കുന്നത് - നഗരകാര്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ.) വകുപ്പ്

സ.ഉ. (സാധാ) നം.576/2019/തസ്വഭവ. തിരുവനന്തപുരം, തീയതി, 08.03.2019

---

പരാമർശം: - 1) 03.01.2019 ലെ സ.ഉ.(സാധാ) നം. 9/2019/തസ്വഭവ.

2. ട്രിഡ സെക്രട്ടറിയുടെ 01.03.2019 ലെ എഫ് 3-1539/17/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

ട്രിഡയ്ക്ക് 2018-19 ലെ സംസ്ഥാനബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ 10,32,69,850/- (പത്ത് കോടി മുപ്പത്തിരണ്ട് ലക്ഷത്തി അറുപത്തൊൻപതിനായിരത്തി എണ്ണൂറ്റി അൻപത് രൂപ മാത്രം) '2217-05-191-36 (P)' എന്ന കണക്ക് ശീർഷകത്തിൽ നിന്നും പൂർത്തീകരിച്ചിട്ടുള്ള പദ്ധതികൾക്ക് മുൻഗണനാക്രമത്തിൽ പരാമർശം (1) പ്രകാരം അനുവദിച്ചുത്തരവായിരുന്നു.

2. പരാമർശം (2) പ്രകാരം മേൽ തുക ട്രിഡയുടെ റ്റി.എസ്.ബി അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നതിന് '2217-05-191-36 (P)' എന്ന കണക്ക് ശീർഷകത്തിന്റെ കൺട്രോളിംഗ് ഓഫീസറായിട്ടുള്ള നഗരകാര്യ വകുപ്പ് ഡയറക്ടറോട് നിർദ്ദേശിക്കണമെന്ന് ട്രിഡ സെക്രട്ടറി സർക്കാരിനോട് അപേക്ഷിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1)ലെ സർക്കാർ ഉത്തരവ് പ്രകാരം ട്രിഡക്ക് അനുവദിച്ചിട്ടുള്ള തുക 10,32,69,850/- (പത്ത് കോടി മുപ്പത്തിരണ്ട് ലക്ഷത്തി അറുപത്തൊൻപതിനായിരത്തി എണ്ണൂറ്റി അൻപത് രൂപ മാത്രം) പി.എസ്.റ്റി.എസ്.ബി അക്കൗണ്ട് നം. 79902700001484 ൽ ക്രഡിറ്റ് ചെയ്യുന്നതിന് നഗരകാര്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവാകുന്നു.

4. മേൽ ഭേദഗതികളോടെ പരാമർശം (1) ലെ ഉത്തരവ് നിലനിൽക്കുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സി എസ് ശ്രീകല**
ഗവ. ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, ട്രിഡ,തിരുവനന്തപുരം
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ)/ (ഇ &ആർ.എസ്.എ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഓഫീസർ (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.